LIBRARY ARCHIVES Kerala Legislative Assembly

വഴിയോരം പദ്ധതിയുടെ സബ്സിഡി

252 [1203] *ശ്രീ. എൻ. രാജൻ:*

„ *മാങ്കോട് രാധാകൃഷ്ണൻ:*

„ *പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരം വകുപ്പിന്റെ കീഴിൽ വഴിയോരം പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇത്തരം വഴിയോരകേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാര കോർപ്പറേഷന്റെ കീഴിൽ ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; എവിടെയെല്ലാം;

(ഡി) ഇത്തരം പദ്ധതിക്കായി എത്ര തുക സബ്സിഡി അനുവദിച്ചിട്ടുണ്ട്; ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യവസ്ഥകൾ അനുബന്ധമായി (എ)† ചേർത്തിട്ടുണ്ട്.

(സി) വഴിയോരം പദ്ധതി വിഭാവനം ചെയ്യുന്നതരത്തിലുള്ള കേന്ദ്രങ്ങളൊന്നും കെ.ടി.ഡി.സി.യുടെ കീഴിൽ ഇല്ല. കെ.ടി.ഡി.സി.യുടെ കീഴിലുള്ള വഴിയോര കേന്ദ്രങ്ങളുടെ വിവരം അനുബന്ധം (ബി)† ആയി ചേർത്തിട്ടുണ്ട്.

(ഡി) ഒരു പദ്ധതിക്ക് മുടക്കുമുതലിന്റെ 25% (പരമാവധി 7 ലക്ഷം രൂപ) വരെയാണ് സബ്സിഡി നിശ്ചയിച്ചിട്ടുള്ളത്. യൂണിറ്റ് പൂർത്തീകരിച്ചതിനുശേഷം മാത്രമേ സബ്സിഡി അനുവദിക്കുകയുള്ളൂ. ആയതിനാൽ പദ്ധതിക്ക് എത്ര തുക വേണ്ടിവരുമെന്ന് ഇപ്പോൾ കണക്കാക്കാറായിട്ടില്ല. നടപ്പ് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം

253 [1205] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

†അനുബന്ധം XIV A & B.

അനുബന്ധം XIV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 252 (1203) കാണുക]

ഓരോ സ്ഥലത്തും സംരംഭകരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം താഴെ ചേർക്കുന്നു:

വഴിയോര പദ്ധതിയിൽ മൂന്ന് തരത്തിലുള്ള യൂണിറ്റുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ ക്ലാസ് 1, 2, 3 എന്നിവയായി തരം തിരിച്ചിട്ടുണ്ട്. ഇതിൽ ക്ലാസ് 1-നും ക്ലാസ് 2-നും കുറഞ്ഞത് 20 സെന്റ് സ്ഥലം ആവശ്യമാണ്. ക്ലാസ് 3-ന് കുറഞ്ഞത് 10 സെന്റ് സ്ഥലവും ആവശ്യമാണ്. താഴെപ്പറയുന്ന രീതിയിലായിരിക്കും ഓരോ യൂണിറ്റുകൾക്കും അംഗീകാരം നൽകുന്നത്.

ഘട്ടം 1

1. മേൽപ്പറഞ്ഞിരിക്കുന്ന സ്ഥലം റോഡിന്റെ അരികിലായിരിക്കണം.

2. കുറഞ്ഞത് എസ്.എസ്.എൽ.സിയോ, തത്തുല്യമായ വിദ്യാഭ്യാസ യോഗ്യതയോ ഉണ്ടായിരിക്കണം.

ഘട്ടം 2 *ജില്ലാതലത്തിലുള്ള യൂണിറ്റുകൾ തരംതിരിക്കൽ*

വകുപ്പിനു കിട്ടിയിട്ടുള്ള അപേക്ഷകൾ ജില്ലാതലത്തിൽ തരംതിരിച്ച് കമ്പ്യൂട്ടർ ഡേറ്റാ ബേസ് ഉണ്ടാക്കും.

ഘട്ടം 3

അപേക്ഷയിൽ പ്രതിപാദിച്ചിട്ടുള്ള യൂണിറ്റുകളുടെ പ്രദേശങ്ങൾ ഉൾപ്പെടുത്തി ജില്ലാതലത്തിൽ ഭൂപടം തയ്യാറാക്കും.

ഘട്ടം 4 *നല്ല പ്രദേശങ്ങളിൽ യൂണിറ്റുകൾ തെരഞ്ഞെടുക്കുക*

ഒരു യൂണിറ്റ് നിർമ്മിക്കാൻ ഒരു സ്ഥലത്ത് അനുവാദം നൽകിയാൽ പിന്നെ അടുത്ത 10 മുതൽ 20 കി. മീ. ദൂരം കഴിഞ്ഞിട്ടേ അടുത്ത യൂണിറ്റിനുള്ള അനുവാദം നൽകുകയുള്ളൂ. അതായത് ഓരോ യൂണിറ്റും തമ്മിൽ കുറഞ്ഞത് 10 മുതൽ 20 കി. മീ. ദൂരം ഉണ്ടായിരിക്കും. ഈ ദൂരപരിധിയിൽ ഒന്നിൽ കൂടുതൽ അപേക്ഷകൾ ഉണ്ടെങ്കിൽ, അപേക്ഷയിൽ പറഞ്ഞിട്ടുള്ള പ്രദേശത്തിന്റെ ടൂറിസം സാധ്യതകളും

LIBRARY ARCHIVES Kerala Legislative Assembly

പ്ലോട്ടിന്റെ കിടപ്പും കണക്കാക്കി അനുവാദം നൽകുന്നതാണ്. താഴെപ്പറയുന്ന സാധ്യതകൾ നോക്കിയായിരിക്കും നല്ല പ്രദേശങ്ങൾ തെരഞ്ഞെടുക്കുക.

- ബാധ്യതകൾ ഇല്ലാത്തതും വാടകയ്ക്ക് അല്ലാത്തതുമായ സ്ഥലം
- സ്ഥലത്തിന്റെ അളവുകൾ
- നിരപ്പായ സ്ഥലം
- പെട്രോൾ പമ്പിന്റെ അടുത്തുള്ള സ്ഥലം
- യൂണിറ്റ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലവും അടുത്ത എയർപോർട്ടുമായുള്ള അകലം
- റെയിൽവേ സ്റ്റേഷനും യൂണിറ്റും നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലവുമായുള്ള അകലം
- യൂണിറ്റ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വികസന സാദ്ധ്യത.

ഘട്ടം 5—*അന്തിമഘട്ട തെരഞ്ഞെടുപ്പ്*

വീണ്ടും ഒരേ സ്ഥലത്ത് കൂടുതൽ അപേക്ഷകൾ നിലനിൽക്കുകയാണെങ്കിൽ താഴെപ്പറയുന്ന ഘടകങ്ങൾ പരിഗണിച്ച് വെയിറ്റേജ് നൽകി അന്തിമതെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

1. സംരംഭകന്റെ പ്രൊഫഷണൽ യോഗ്യത.
2. ആതിഥേയ വ്യവസായത്തിലുള്ള പരിചയം.
3. സംരംഭക പശ്ചാത്തലം.
4. മുതൽ മുടക്ക് ശേഷി.
5. സംരംഭകന്റെ പ്രായം.

സംരംഭകരെ തിരഞ്ഞെടുക്കുന്നതിനുള്ള വിശദമായ രൂപരേഖ തയ്യാറാക്കുന്നതിന് ICICI Kinfra-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ചുള്ള ഗവൺമെന്റ് ഉത്തരവോടെ മാത്രമേ സംരംഭകരെ തെരഞ്ഞെടുക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIV A

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 252 (1203) കാണുക]

റിനോദസഞ്ചാര കോർപ്പറേഷന്റെ കീഴിൽ 12 വഴിയോര വിശ്രമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1.	മോട്ടൽ ആരാം	-	കായംകുളം
2.	,,	-	വൈക്കം
3.	,,	-	ആലപ്പുഴ
4.	,,	-	പാലരുവി
5.	,,	-	അടൂർ
6.	,,	-	കൊട്ടാരക്കര
7.	,,	-	സുൽത്താൻ ബത്തേരി
8.	,,	-	വടകര
9.	,,	-	കുറ്റിപ്പുറം
10.	,,	-	കണ്ണൂർ
11.	,,	-	പാലക്കാട്
12.	,,	-	ആതിരപ്പള്ളി

LIBRARY ARCHIVES Kerala Legislative Assembly